
മെട്രോപോലീത്തൻ എച്ച് എസ് എസ്
പുത്തൻകാവ്
മിഴി
2019-2020

# കാവൽ പിതാവ്



# ഞങ്ങളുടെ കുടുംബം



KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
PRESENTS

# ലിറ്റിൽ കൈറ്റ്സ്
# 2019-20
# ബാച്ച് - 2




1. ശ്രീമതി. ഗീത ദേവി അന്തർജനം

2. ശ്രീമതി. ജെസ്സി എം നൈനാൻ

3. ശ്രീമതി. സുനിത ജോയ്സ്

# പ്രിൻസിപ്പൽ



**പ്രിയ ജേക്കബ്**

# ഹെഡ് മിസ്ട്രസ്സ്




**ശ്രീമതി.ജെസ്സി എം നൈനാൻ**

# <u>ഗുരുക്കന്മാർ</u>



# എഡിറ്റോറിയൽ..

**അറിവിന്റെ മാധുര്യം നണഞ്ഞ്.......**

**നിറവിന്റെ സുഗന്ധം പകർന്ന്......**

**നാളെയുടെ സ്വപ്നങ്ങളിൽ നീരാടി.....**

**കാലത്തിന്റെ അനന്ത വിസ്തൃതിയിലേക്ക് മിഴി തുറന്ന്......**

**ഇമചിമ്മാതെ 'മിഴി' നിങ്ങൾക്കായി........**

**സ്നേഹപൂർവ്വം**

**ലിറ്റിൽ കൈറ്റ്സ്**

# അറിവിൻെറ ചിറകുകൾ

ആകർഷകമായ ഒരു പരസ്യചിത്രം ഓർമ്മ വരുന്നു. ആകാശത്തുകൂടി ഉയർന്നു പറക്കുന്ന പക്ഷിക്കൂട്ടം, അതിൽ രണ്ടു പക്ഷികൾ ഏറ്റവും ഉ-യരത്തിൽ പറക്കുന്നു. പരസ്യവാചകം ശ്രദ്ധേയമാണ്. **"we fly, but we two choose to fly in high range".** ഏല്ലാവരും പറക്ക-കയാണ് അതിൽ ഞങ്ങൾ രണ്ടുപേർ ഉയരത്തിൽ പറക്കുന്നു.

ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനം കുട്ടികൾക്ക് ഉയരത്തിൽ പറക്കാനുള്ള ചിറകുകളൊരുക്കുകയാണ്. ഒരു കവി-വാക്യം ഇങ്ങനെയാണ് - "അറിവാണു ചിറകുകൾ, ചിറകുറയ്ക്കാതെ പറക്കരുത്". ഉറപ്പുള്ള ചിറകുകൾ കാലഘട്ടത്തിന്റെ ആവശ്യമാണ്. തവമാധ്യമങ്ങളുടെ വിഹായസ്സിൽ ചിറകുകൾ ഉറയ്ക്കാൻ കൈറ്റ്സ് പ്രവർത്തനം പൊതുവിജ്യാഭ്യാസ രംഗത്തെ ആകർഷകമാക്കുന്നു.

കോഴിക്കുഞ്ഞിനൊപ്പം വളർന്ന കഴുകന്റെ കഥ കേട്ടിട്ടില്ലേ. നീലാകാശത്ത് ചുറ്റിനടന്ന കഴുകൻ ഭൂമിയിൽ കണ്ട കാഴ്ച രണ്ടു കുഞ്ഞുങ്ങളും ചിക്കിചികഞ്ഞ് തീറ്റതേടുകയാണ്. കഴുകൻ താഴ്ന്ന പറന്നു കഴുകൻ കുഞ്ഞിനോട് പറഞ്ഞു. നീ കോഴിയല്ല കഴുകനാണ് ഉയരത്തിൽ പറക്കേണ്ടവനാണ്.

പ്രിയ കൂട്ടുകാരേ, ഈ കഥ നമുക്ക് നൽകുന്ന സൂചനകൾ ശ്രദ്ധേയം ആണ്.

1. നാം അരാണെന്ന് സ്വയം കണ്ടെത്തുക.

**2. നമ്മുടെ കഴിവുകൾ , താലന്തുകൾ കണ്ടെത്തുക.**
**ഈശ്വരൻ നമുക്ക് തന്ന ഈ ലോകത്തിലെ ഇടം കണ്ടെത്തി**
**ജീവിതോദ്ദേശ്യം സാക്ഷാത്കരിക്കുക.**
**ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് ഭാവുകങ്ങൾ.....**



**പ്രിയ ജേക്കബ്**
**പ്രിൻസിപ്പൽ**

# “സത്യം വദ ധർമ്മം ചര”

**മാനുഷിക മൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലത്ത് സത്യം വത ധർമ്മം ചര എന്നതിന്റെ പൊരുൾ എന്താണെന്ന് നമുക്കൊന്ന് പരിശോധിക്കാം. നഷ്ടസൗഭാഗ്യങ്ങളോർത്ത് വിതുമ്പുന്ന മനുഷ്യൻ സുഖഭോഗങ്ങൾക്ക് പിന്നാലെ പരക്കം പായുമ്പോൾ അവന്റെ ചിത്തം ദൂഷിക്കുന്നു. പണം മാത്രം- അതായത് ധനം സമ്പാതിക്കാനുള്ള വ്യഗ്രതയിൽ മൂല്യങ്ങൾ മറന്ന് പ്രവർത്തിക്കാൻ നടക്കുന്നു. അത് അധർമ്മത്തിലേക്ക് അവനെയും സമൂഹത്തെയും നയിക്കുന്നു. അപരാതം ചെയ്യുന്നത് മനസ്സിലാക്കാതെയും ശിക്ഷ ലഭിക്കാതെയും പോകുമ്പോൾ നമ്മൾ വീണ്ടും വിനാശത്തിന്റെ**

പടുകുഴിയിലേക്ക് വീഴുകയാണ് ചെയ്യുന്നത്. പിന്നീട് അതിൽ നിന്നും കരകയറുവാൻ പ്രയാസമായി വരുന്നു.
കുത്സിത മാർഗങ്ങളിലൂടെ ചരിക്കാതെ മാനുഷിക മൂല്യങ്ങളിലും ധാർമ്മികതയിലും മനസ്സിനെ ഉറപ്പിച്ച് നിർത്തിക്കൊണ്ട് പ്രവർത്തിച്ചാൽ സുനിശ്ചിതമായ ജീവിതവിജയം ഉണ്ടാവുകയും അത് സമൂഹത്തിനെ ഫലപ്രാപ്തിയിൽ എത്തിക്കുകയും ചെയ്യും.
ജീവിതയാത്രയിൽ സത്യസന്ധരായി കാര്യങ്ങൾ നിറവേറ്റുകയും ധർമ്മമാർഗത്തിലൂടെ ചരിക്കുകയും ചെയ്താൽ സമൂഹപുരോഗതി ഉണ്ടാകും എന്നതിന് യാതൊരു സംശയവുമില്ല. നിഷ്കളങ്കമായ മനസ്സോടെ, അർപ്പണബുദ്ധിയോടെ പ്രവർത്തിക്കാനും ജീവിതവിജയം കരസ്ഥമാക്കാനും സത്യം വദ ധർമ്മം ചര എന്ന ആപ്തവാക്യം പ്രചോദനമാകട്ടെ..........

ഗീതാദേവി അന്തർജനം
അധ്യാപിക

# വിദ്യാലയം

നിറമാർന്ന നിമിഷങ്ങളിൽ തളിരിട്ടും
ഓർമ്മതൻ മുത്തുകൾ കോർത്തൊരു വിദ്യാലയം
ചിറകേറിയ സ്വപ്നങ്ങൾ പൂവണിയും
നിമിഷങ്ങളിൽ നിർവൃതിയേകിട്ടും അക്ഷരമുറ്റം
ചെറു പിണക്കങ്ങളിണക്കങ്ങളിൽ സ്നേഹത്തിൻ
മാറ്റൊലി തിര തല്ലിട്ടും തീരം.....
ഒരിക്കലും നിലയ്ക്കാത്ത അറിവിൻ നിറക്കുടമായ്
ഉറവ തൻ കണക്കെ നിന്നിടുന്ന ആ പുണ്യഭൂമി..
എന്നും നന്മ തുളുമ്പിടുന്ന എൻ വിദ്യാലയം
ശാന്തിയേകിടുന്ന സരസ്വതി ക്ഷേത്രം....

അക്സാ മേരി റെജി
9 D

# അതെ നിങ്ങൾക്ക് കഴിയും

ആയിരത്തിലധികം പരീക്ഷണങ്ങൾ നടത്തി പരാജയപ്പെട്ടിട്ടും

വീണ്ടും പരിശ്രമിച്ചുകൊണ്ട് ബൾബ് കണ്ടുപിടിച്ച എഡിസ്സന്റെയും,

ആറു പ്രാവശ്യം യുദ്ധം ചെയ്ത് തോറ്റ് പോയെങ്കിലും ഏഴാമതും യുദ്ധം

ചെയ്ത് തന്റെ സാമ്രാജ്യം തിരിച്ചു പിടിച്ച റോബർട്ട് ബ്രൂസ്സ്

രാജാവിനെക്കുറിച്ചുമൊക്കെ കേട്ടും വായിച്ചും

അറിഞ്ഞിട്ടുള്ളതുമൊക്കെ ആണല്ലോ. ഇവരിലെല്ലാവരിലും

പൊതുവായി കാണുവാൻ പറ്റുന്ന ഒരുകാര്യം ഉണ്ട്

.............എന്താണത്? "ശുഭാപ്തിവിശ്വാസം!" ഇത്രയധികം ശക്തി

ശുഭാപ്തിവിശ്വാസത്തിനുണ്ടെങ്കിൽ എന്തുകൊണ്ട് നമ്മുടെ

ജീവിതത്തിലും ചില മാറ്റങ്ങൾ കൊണ്ടുവന്നുകൂടാ.............?

മനുഷ്യൻ വിചാരിച്ചാൽ നടക്കാത്തതായി ഒന്നുമില്ല,എന്ന് മിക്കവാറും

പറയുമെങ്കിലും ആ വാചകത്തിന് പ്രാധാന്യം നാം കൊടുക്കുന്നുണ്ടോ

എന്ന് സംശയമാണ് . ഒരുദാഹരണത്തിനായി നമ്മുടെ മനസ്സ് ഒരു വലിയ ഫാക്ടറിയാണെന്ന് സങ്കൽപ്പിക്കാം. ദിനംപ്രതി എണ്ണിയാലൊതുങ്ങാത്ത ചിന്തകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഒരു ഫാക്ടറി.എല്ലാ ഫാക്ടറിയിലെയും പോലെ കാര്യങ്ങളുടെ മേൽ നോട്ടത്തിനായി രണ്ട് മാനേജർമാരെ നിങ്ങൾ നിയമിച്ചിട്ടുണ്ട് . ആദ്യത്തെ അളിന്റെ പേര് "വിജയം". നിങ്ങളെ കൊണ്ട് മാത്രം ഒരു കാര്യം എന്തുകൊണ്ട് സാധിക്കുമെന്നും, എന്തുകൊണ്ട് നിങ്ങളത് ചെയ്യണമെന്നുമൊക്കെ നിങ്ങളുടെ മനസ്സിൽ ചിന്തകളുണ്ടാക്കുകയാണ് ഇദ്ദേഹത്തിന്റെ ജോലി. എന്നാൽ രണ്ടാമത്തെ മാനേജരായ "പരാജയം" വലിയൊരു വിദഗ്ദനാണ്. നിങ്ങളെക്കൊണ്ട് എന്തുകൊണ്ട് ഒരു കാര്യം സാധിക്കംകയില്ലെന്നും നിങ്ങളതിനുപറ്റിയ ആളല്ലെന്നും തുടങ്ങി നിങ്ങൾ പണ്ട് പരാജയപ്പെട്ട് പോയ സംഭവങ്ങൾ വീണ്ടും ഓർമ്മിപ്പിച്ച് ഇപ്പോഴുള്ള ആത്മവിശ്വാസം കൂടി ഇല്ലാതാക്കുകയാണ് ഇദ്ദഹത്തിന്റെ ജോലി.

ഇപ്പോഴുള്ള ജീവിതരീതിക്ക് ഒരു മാറ്റം

വെരുന്നെങ്കിലെന്ന് ആഗ്രഹിക്കാത്തവർ ചുരിക്കമായിരിക്കും.

കുറെക്കൂടി മികച്ച പഠനം, മികച്ച ജോലി, ശമ്പളം, ജീവിതനിലവാരം

തുടങ്ങി ആഗ്രഹങ്ങളെല്ലാം കൈയ്യെത്തും ദൂരത്ത് ഉണ്ടായിരുന്നിട്ടും

അതിനെ കൈനീട്ടി പിടിക്കാൻ ശ്രമിക്കാത്തവർ അല്ലെങ്കിൽ ഒരു

പ്രാവശ്യം ശ്രമിച്ച് പരാജയപ്പെട്ടതുകൊണ്ട് ശ്രമം ഉപേക്ഷിച്ചവർ

തുടങ്ങിയവരാണല്ലോ സമൂഹത്തിൽ ഉള്ളവർ ഏറെയും.

ശുഭാപ്തിവിശ്വാസത്തോടുകൂടി ഇനി ജീവിതത്തെ

നേരിടൂ. ആഗ്രഹങ്ങൾക്ക് വേണ്ടി വീണ്ടും വീണ്ടും പരിശ്രമിക്കൂ.

തീർച്ചയായും അത് സംഭവിക്കും. ലോക പ്രശസ്ത എഴുത്തുകാരൻ

പൗലോ കൊയ്ലോ തന്റെ പുസ്തകമായ ആൽക്കെമിസ്റ്റിൽ ഇങ്ങനെ

പറയുന്നുണ്ട്. എന്തെങ്കിലും ഒരാഗ്രഹം നേടിയെടുക്കാനായി ഒരാൾ

പൂർണ്ണമനസ്സോടെ പരിശ്രമിച്ചാൽ ഈ ലോകം മുഴുവനും അയാളുടെ

സഹായത്തിനായി എത്തും. അതുകൊണ്ട് ആഗ്രഹിക്കാം

പൂർണ്ണമനസ്സോടെ..........,പരിശ്രമിക്കാം

**ശുഭാപ്തിവിശ്വാസത്തോടെ...........,നെടിയെടുക്കാം**

**ജീവിതസ്വപ്നങ്ങളെ.........**

**സീമ പി ജോൺ**

**മലയാളം അധ്യാപിക**

# നിഴൽ

**നിറങ്ങളില്ലാത്ത നിഴലിനെയാണെനിക്കിഷ്ടം**
**നിശചലമാകും വരെ പിന്തുടർന്ന്**
**നിറംമാറാതെ ഒപ്പമുണ്ടാകും**
**നാം നടക്കുന്ന ഓരോ വീഥിയിലും**
**നമ്മുക്ക് കൂട്ടായി നിഴൽ മാത്രം**
**ഓരോ മഴയിൽ ഞാൻ നനഞ്ഞലിയുമ്പോഴും**
**ഓരോ കാറ്റുനാൽ കുളിർകൊള്ളുമ്പൊഴും**
**എന്റെ കൂടെയെൻ നിഴൽ മാത്രം**
**ഈ മണ്ണിൽജനിച്ചനാൾമുതൽ**
**ഈ മണ്ണിൽ നിന്നും വിടപറയുംനിമിഷംവരെ**
**സൗഹൃദതിരിതെളിയിക്കുന്നനിഴൽ**
**ഇരുൾവീണജിവിതവീഥിയിൽ**

**കൂടെയെന്നെന്നുംനിഴൽമാത്രം**

**ഭൂലോകരെല്ലാരുംമാറിമറയുമ്പോൾ**

**കൂട്ടായിഎനിക്കെന്നുംഎൻനിഴൽമാത്രം**

**എന്നെന്നുംഎൻകൂട്ടായനിഴൽലെനിന്നെ**

**പലപ്പോഴുംകണ്ടിട്ടുംകാണാതെപോയി**

**തെറ്റുകൾപലതും ചെയ്തിട്ടും**

**സ്നേഹബംന്ധങ്ങൾ അകന്നുപൊയപ്പോഴും**

**നീമാത്രംഎന്നെന്നുംഎൻകൂട്ടാളി !**

**അലീന ജോസഫ്**

**9 B**

# എന്റെ കേരളം

**ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന എന്റെ കേരളം എനിക്ക് വളരെയേറെ ഇഷ്ടമാണ് . തനതാർന്ന കലകളും ഒരു പിടി നല്ല കഥകളും പുരാണ ഇതിഹാസങ്ങളുടെയും കലവറയാണ് "എന്റെ കേരളം".കല്പവൃഷങ്ങളുടെയും സ്നേഹത്തിന്റെയും നന്മയുടെയും പുണ്യഭൂമിയാണ് കേരളം . പുഴകളും**

**കായലുകളും മലകളും ഡാമുകളും എല്ലാം കൊണ്ടും നല്ലൊരു സുന്ദര കേരളം .**

**അനന്തു രാജ്**

**9 സി**

# പി ഭാസ്കരൻ



# (1924-2007)

**കവി ഗാനരചയിതാവ്, ചലച്ചിത്രകാരൻ, മാധ്യമപ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ . ദീർഘകാലം ആകാശവാണിയിൽ ജോലിചെയ്തു . ദീപിക പത്രാധിപർ, ഏഷ്യനെറ്റിന്റെ ആദ്യചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട് . പത്മശ്രീ, കേന്ദ്ര-കേരള സാഹിത്യ അക്കദമി അവാർഡുകൾ, വയലാർ അവർഡ്, ഓടക്കുഴൽ അവർഡ്, ജെ.സി.ഡാനിയേൽ അവർഡ് എന്നീ ബഹുമതികൾക്ക് അർഹനായി . ഒറ്റക്കമ്പിയുള്ള തംബുരു, വയലാർ ഗർജിക്കുന്നു, ഓർക്കുക വല്ലപ്പോഴും, ഓടക്കുഴലും ലാത്തിയും, മുഖത്തോടുമുഖം,**

**(കവിതകൾ), ദേശിയഗാനങ്ങൾ, സിനിമാഗാനങ്ങൾ, സിനിമാനിർമ്മാണം (ഉപന്യാസങ്ങൾ) എന്നിവയാണ് പ്രധാന കൃതികൾ.**

**അദിത്യൻ.ബി**

**9D**

# <u>സസ്യലോകത്തെ വിളിപ്പേരുകൾ</u>

- **കറുത്ത സ്വർണ്ണം -കുരുമുളക്**
- **വെളുത്ത സ്വർണ്ണം -കശുവണ്ടി**
- **പാവപ്പെട്ടവന്റെ തടി -മുള**
- **ഇന്ത്യൻ കുങ്കുമം -മഞ്ഞൾ**
- **ഔഷധികളുടെ മാതാവ് -തുളസി**
- **ഇന്ത്യൻ ഡേറ്റ് -പുളി**
- **എഗ്ഗ് ഫ്രൂട്ട് -വഴുതന**
- **ഇന്ത്യൻ ചെറി -ഞാവൽ**
- **സുഗന്ധവ്യഞ്ജ്ഝന റാണി -ഏലം**
- **സുഗന്ധദ്രവ്യങ്ങളുടെ രാജകുമാരി -വാനില**

# അമ്മ

പിച്ചവെച്ചീടുന്ന പിഞ്ചിളം പൈതലിൻ
മാതൃത്വം തന്നെ ആ വൻതണൽ
ആദ്യമായി അക്ഷരം ചൊല്ലിപ്പഠിപ്പിക്കും
ഗുരുതന്നെ സാഗരമാം തണൽ
കുഞ്ഞിക്കിളിക്കുപോലും അമ്മ തൻ
ചിറകുകൾ വൻ തണലായീടും
മഴയത്തും വെയിലത്തും ഇരുളിലും
പകലിലും തണലായി മാറീടുമെൻ അമ്മ
കൊടുംചൂടിലും തണലായിമാറുന്ന
നീർകണികകൾ പോൽ...
എൻ കണ്ണീരിലും തണലായി
മാറിടും അമ്മ തൻ ആ തണൽ
കാർമുകിൽ മേഘമായി വന്നെത്തുന്ന
ആ ദുഷ്ചിന്തകൾ നീക്കീടും
സൂര്യതേജസ്സായി മാറും എൻ അമ്മ
അമ്മ തൻ ആ വൻതണൽ
എൻ മനമൊന്ന് കരഞ്ഞാൽ ദുഖിക്കുമാമനം
ഇരുളിലും ശോഭിക്കും സൂര്യതേജസ്സായി
കനിവാർന്ന വാക്കുകൾ കേൾക്കാനും
ചൊല്ലാനും ആ തണലിന്നെനിക്കുവേണം

അമ്മയാം ആ തണൽ എന്നെന്നും
എന്നരികിൽ ഉണ്ടായിടണം
തണലായി മാറുമീ തേജസ്സിനെ നാം
എന്നെന്നും പൂജിച്ചിടേണം

ജോയ്സ്

**9 D**

# <u>സൗഹൃദം</u>

ഒരു ദാരിദ്ര കുടുംബത്തിൽ ജനിച്ചുവളർന്ന കുട്ടിയാണ് മന്നി. മന്നിയ്ക്ക് സ്കൂളിൽ കൂട്ടുകാർ ആരുമില്ലായിരുന്നു. താൻ പാവപ്പെട്ട ഒരു വീട്ടിലെ കുട്ടിയായതിനാൽ ആരും അവളോട് മിണ്ടുകയില്ലായിരുന്നു. മന്നിയ്ക്ക് കൂട്ടായി അവളുടെ വളർത്തുനായ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവളുടെ അച്ഛൻ മരിക്കുന്നതിന് മുമ്പ് സമ്മനിച്ചതാണ് അത്. മന്നിയുടെ അമ്മ അവളെ ഉപേക്ഷിച്ചതാണ്. അവൾ താമസിക്കുന്നത് അവളുടെ ആൻറ്റിയുടെ വീട്ടിലാണ്. അവർ ഇവളെ വീട്ടുജോലി ചെയ്യിപ്പിക്കയും ഉപദ്രവിക്കുകയും ചെയ്യുമായിരുന്നു. തന്റെ വളർത്തുനായ കൊണ്ടുവരുന്ന പഴക്കിയ ഭക്ഷണമാണ് ണന്നി കഴിച്ചിരുന്നത്. ഇങ്ങനെയൊക്കെ അണെങ്കിലും തന്റെ

അന്ധവിശ്വാസം കൈ വിടാതെ നിൽക്കുകയാണ് ആ സാധു പെൺകുട്ടി.

ഒരു ദിവസം തന്റെ കൂട്ടുകാർ തന്നോട് മിണ്ടുമെന്നും തന്നോട് കൂട്ടുകൂടുമെന്നും അവൾക്ക് ഉറപ്പായിരുന്നു. അങ്ങനെ മന്നി ആറാം ക്ലാസ്സ് പ്രവേശനം നേടി. കുറച്ചുനാൾ കഴിഞ്ഞപ്പോൾ അവളിടെ കാതിൽ ഒരു വാർത്ത കേട്ടു. "ലിസിയ്ക്ക് അപകടം പറ്റി" മന്നി ഓടി കിതച്ച് ഹോസ്പിറ്റലിൽ എത്തി. ഒരു വാഹനം ഇടിച്ചതാണ് ആരും തിരിഞ്ഞ് നോക്കാതെ പോയതുകൊണ്ട് കുറച്ച താമസിച്ചാണ് ഹോസ്പിറ്റലിൽ എത്തിയത്.സീരിയസ് ആണെന്നാണ് പറയുന്നത് പലരുടെയും വർവത്തമാനങ്ങൾമന്നി കേട്ടു. മന്നി ഐ സി യു -ന്റെ വാതിൽനിന്നു . കണ്ണുചിമ്മിനോക്കിയ ലിസി

ആദ്യംകണ്ടത് കരഞ്ഞുകലങ്ങിയ കണ്ണുകളുമായി നിൽക്കുന്ന മന്നിയെയാണ്. താൻ മന്നിയെ ഉപദ്രവിച്ചിട്ടുള്ള കാര്യങ്ങൾ അവളുടെ മനസ്സിലൂടെ ഒരു തിവണ്ടി വേഗത്തിൽ കടന്നുപോയി. മന്നിയെ അടുത്തു വിളിച്ച് ലിസി തന്റെ ചുണ്ടുകളനക്കി പറഞ്ഞു "നിയാണ് യഥാർത്ഥ സുഹൃത്ത് "ഇതുമാത്രം പറഞ്ഞ് ലിസിയുടെ കണ്ണുകൾ മെല്ലെ അടഞ്ഞു എന്നെന്നെക്കുമായി........

അനഘ കൃഷ്ണ

**9 D**

# അമ്മ .....ഒരു തണൽ

അന്നും ഇന്നും എന്നും ചേർത്തുപിടിക്കാൻ കഴിയുന്ന വിസ്മരിക്കാൻ സാധിക്കാത്ത ഒരേയൊരു ബന്ധം അതാണ്, ആ സ്നേഹമാണ് അമ്മ. ഇന്നേക്ക് മലയാളത്തിൽ ഉച്ചരിച്ചതും നാളെ പിറന്നുവിഴാൻ പോകുന്ന പിഞ്ചുകുഞ്ഞിന്റെ നാവിൽനിന്നും പിറവിയെടുകുന്ന ഏറ്റവും മനോഹരമായ ശബ്ദമാണ് അമ്മ. ഞാനെന്നല്ല എന്നെ പോലെ ഒരു ആയിരം പേരോട്ടും തന്റെ പിറവി എവിടെന്നാണ് എന്ന് ചോദിച്ചാൽ ഒരെയെരു ഉത്തരമേ അവന്റെ നാവിൽ നിന്നും കടക്കുകയുള്ളൂ, അത് എന്റെ മാതൃത്വത്തിൽ നിന്നുമാണെന്ന്. ഇത് ഈശ്വരനാൽ അനുഗ്രഹിക്കപ്പെട്ട ഒരു ബന്ധമാണ്. അനശ്വരമാണെന്നുള്ളതും തീർച്ച. കാരണം പിതാവിന്റെ സനേഹമല്ല മാതാവിന്റേത്. പത്തമ്മചമഞ്ഞാലും പെറ്റമ്മയാവുകയുമില്ല. ഈ ഓർമ്മ മനസ്സിൽ പ്രതിഷ്ഠിച്ചുകൊണ്ടായിരിക്കണം എല്ലാ മക്കളും അമ്മമാരെ നോക്കികാണേണ്ടത്. എന്നാൽ ഇപ്പോൾ കൺതുറന്നാൽ കാണുന്നത് മദ്യലഹരിയിൽ അമർന്ന മകൻ അമ്മയെ കൊലപ്പെടുത്തി എന്ന വാർത്തയാണ്. ഇതാണ് ഇന്നത്തെ സമൂഹം, അമ്മബന്ധത്തിന് വിലയില്ലാതെയായിരിക്കുന്നു. എന്നാൽ അമ്മ അനുഭവിച്ച ത്യാഗം , അതിനെപറ്റിയുള്ള ഓർമ്മപ്പെടുത്തലുകൾ പോലും ഓർത്തുകഴിഞ്ഞിരുന്നെങ്കിൽ ഒരു ദുഷ്ടനായ വ്യക്തി ഈ

സമൂഹത്തിൽ പിറക്കില്ലായിരുന്നു. നാം അമ്മയുടെ ഉദരത്തിൽ വളർന്നു, ശേഷം നെഞ്ചോട്ട ചേർന്ന്, ശേഷം കൈ പിടിച്ച്, ഇപ്പോൾ കൂടെ, പിന്നീടോ..? പിന്നീട് എന്ന വാക്കിന് ഏറെ പ്രസക്തിയേറുകയാണ് ഇവിടെ. കാരണം, തനിക്ക് ഒരു കുടുംബജീവിത്തിന്റെ ഉത്തരവാദിത്വങ്ങൾ ഉണ്ടാക്കുവുമ്പോൾ ഈ തണൽമരത്തെ മുറിച്ചുമാറ്റുകയാണ് പലരും. എന്നാൽ ഈ അവസ്ഥയിൽ അകറ്റുകയല്ല വേണ്ടത് ചേർത്തുപിടിക്കുകയാണ്. മാസങ്ങൾതോറും അമ്മ നമ്മളെ ഗർഭപാത്രത്തിൽ ചുമന്നതുപോലെ.

അയതിനാൽ ഓരോ മക്കളുടെയും കടമയാണ് അമ്മയെ സംരക്ഷിക്കുക,അമ്മ നമ്മളെ കരുതിയതുപോലെ തിരിച്ചുംകരുതുക എന്നതൊക്കെ. അങ്ങനെ ഇത്തരത്തിലുള്ള മക്കൾ അമ്മമാർക്കു ഭീക്ഷണിയാകുന്ന മാതൃത്വത്തെ അറിയാത്ത സമൂഹത്തിനും മാതൃകയാകട്ടെ....

<u>നന്ദി..</u>

നന്ദന എസ്

**9 C**

# കടങ്കഥകൾ

**. ആയിരം അറയിൽ ഒരു ഉണ്ണികൃഷ്ണൻ.**

**.ആയിരം പോലീസുകാർക്ക് ഒരു ബെൽറ്റ്.**

**.തലയില്ലാത്തവൻ ചെവിയിട്ടാട്ടി.**

**.അമ്പാട്ടെ പട്ടിക്ക് മുമ്പോട്ട് വാല്.**

**.പാലിൽ കരിമീൻ.**

**.കാള കിടക്കും കയറോട്ടും.**

**(ഉത്തരം:1.വാഴപ്പിണ്ടി 2.ചൂല് 3.പറ 4.**

**5.കണ്ണ് 6.മത്തങ്ങ.)**

# കുസൃതി ചോദ്യങ്ങൾ

1.മുറ്റത്തെ ചെപ്പിന് അടപ്പില്ല.

2. ഞെട്ടില്ലാ വട്ടയില.

3.കിക്കിലുക്കം കിലുകിലുക്കം ഉത്തരത്തിൽ ചത്തിരിക്കും.

4.ഓട്ടും കുതിര ചാട്ടും കുതിര വെള്ളം കണ്ടാൽ നിക്കും കുതിര.

5.കാളകിടക്കും കയറോട്ടും.

**(ഉത്തരം:1.കിണർ 2.പപ്പടം 3.താക്കോൽ 4.ചെരുപ്പ് 5.മത്തങ്ങ.)**

സ്മിത്ത് കെ എസ്

9 സി

# മനസ്സിനെ സന്തുഷ്ടമാക്കുക

വളരെയധികം പണം സമ്പാദിച്ചിട്ടും ധാരാളം പണം മുടക്കി മണിമന്ദിരങ്ങൾ തീർത്തിട്ടും ഉയർന്ന പദവികൾ അലങ്കരിച്ചിട്ടുംമെല്ലാം ഇന്നും പലരും പറയുന്നു "മനസ്സിന് ഒരു തൃപ്തിയില്ല സന്തോഷം ഇല്ല".ജോലികൾ നേടിയത്,ബിസ്സിനസ്സുകൾ നടത്തിയത് പണം സമ്പാദിക്കാൻ വേണ്ടിയാണ് .ഉയർന്ന പദവികൾ അലങ്കരിച്ച് ഒരുപാട് വർഷങ്ങൾ പ്രൗഢിയോടെ കഴിഞ്ഞുകൂടി. എന്നിട്ടും സന്തോഷവും തൃപ്തിയും ഇല്ലാത്തത് എന്താണ് ? മറ്റു ചില ആളുകൾ കുറേക്കൂടെ വ്യത്യസ്തരാണ്. ആരെങ്കിലും മോശമായി പെരുമാറിയാൽ കോപിക്കുന്ന ഏതെങ്കിലും വസ്തുക്കൾ കിട്ടിയാൽ അസന്തുഷ്ടരാകുന്നു. എന്തെങ്കിലും അപ്രിയ കാര്യങ്ങൾ നടന്നാൽ വേവലാതിപ്പെടുന്നു. ഇനിയും ഒരു കൂട്ടർ പണവും പദവിയും മറ്റു ഭോഗവസ്തുക്കളും സന്തോഷവും തൃപ്തിയും തരും എന്ന മിഥ്യാധാരണയോടെ അവയുടെ പുറകേ ഓടിക്കൊണ്ടിരിക്കുകയും കലഹങ്ങളിലും പ്രശനങ്ങളിലും ചെന്നു കുടുങ്ങി ഇതെല്ലാം വരിചികയാണെന്നു മനസ്സിലാക്കാതെ സ്വന്തം ഭാഗ്യദോഷങ്ങളെ ശപിച്ചു കൊണ്ട് പുതിയ വഴികൾ കണ്ടെത്താൻ ശ്രമിക്കുന്നു. മക്കളില്ലാത്തതുകൊണ്ട് ദുഃഖിക്കുന്ന കുറച്ചുപേർ ഉണ്ടെങ്കിൽ ഉള്ള മക്കളെക്കൊണ്ട് ദുഃഖിക്കുന്നവരാണ് അതിലേറയും.

ആകസ്മികമായി ജീവിതത്തിൽ വന്നുചേരുന്ന രോഗാവസ്ഥ വേറൊരു സ്ഥിതിവിശേഷമാണ്. തന്റെ ജീവിതത്തെ സഫലമാക്കാൻ കഴിയുമോ,മക്കളെ വളർത്താൻ കഴിയുമോ സമ്പാദിച്ച ധനമെല്ലാം ചികിത്സയ്ക്കുവേണ്ടി ചെലവാക്കിയാൽ എന്തുചെയ്യും ? കിടപ്പാടവും വീടുമെല്ലാം നഷ്ടപ്പെടുമോ എന്നീ ഉത്കണ്ഠകളെല്ലാം പലരുടെയും മനസ്സിനെ വിവിധതരത്തിൽ അലട്ടുന്നു. മാത്രമല്ല ഇന്നു നാം കാണുന്നത് സമൂഹത്തിൽ പുതിയ പുതിയ ചികിത്സാവിധികൾ വർധിക്കുന്നതുപോലെതന്നെ രോഗങ്ങളുടെ തരവും എണ്ണവുമെല്ലാം വർധിച്ചുകൊണ്ടിരിക്കുന്നതുമാണ് ജീവിതത്തിൽ സന്തുഷ്ടമായിരിക്കുന്നില്ലെങ്കൽ കൂടുതൽ ദിവസവും ദു:ഖത്തിലും കുറച്ചു ദിവസങ്ങൾ മാത്രം സന്തുഷ്ടമായിരിക്കുകയും ആണെങ്കിൽ പിന്നെ ജീവിതം എന്തിനുവേണ്ടിയാണ് ? മനസ്സിനെ തൃപ്തമാക്കി -സദാ പ്രസന്നചിത്ത അവസ്ഥയിൽ വയ്ക്കണം. കഷ്ടനഷ്ടങ്ങളെ സവചിത്തതയോടെ കൈകാര്യം ചെയ്യണം.മനസ്സിനെ ഈശ്വരനിൽ അർപ്പിച്ച് ജീവിക്കണം. അതു മൂലം ഏറ്റവും നല്ല ഈശ്വപ്രസാദമായ മനപ്രസാദം അയാളിൽ ഉണ്ടാവുന്നു.

അക്സ മേരി

**9 D**

# ഐസക്ക് ന്യൂട്ടൻ[1642-1727]



ബ്രിട്ടീഷ് ഭൗതീക ഗണിത ശാസ്ത്രജ്ഞൻ .ഗുരുത്വാകർശണ നിയമത്തിന്റെ പിതാവ്. ചലന നിയമങ്ങളുടെ ഉപജ്ഞാതാവ്. ഫിലോസോഫിയ നാച്വറാലിസ് പ്രിൻ സിപിയാ മാത്തമാറ്റിക്കാ എന്ന ഗ്രന്ഥം 1687-ൽ ന്യൂട്ടൻ പ്രസിദ്ദീകരിച്ചു.1707-ൽ പ്രകാശത്തിൽ താൻ നടത്തിയ ഗവേഷണങ്ങൾ ക്രോഡീകരിച്ച ഒപ്റ്റിക്സ് എന്ന ഗ്രന്ഥം ന്യൂട്ടൻ പ്രസിദ്ദീകരിച്ചു.1703-ൽ ന്യൂട്ടൻ റോയൽ സൊസൈറ്റിയുടെ അധ്യക്ഷനായി.1705-ൽ അദ്ദേഹത്തിനു സർസ്ഥാനം നൽകപ്പെട്ടു.

കാർത്തിക് അശോക്

9 ഡി

# ഇന്നലെകൾ

ഒന്നുകൂടെ ഇന്നലെകളിലേക്ക്

തിരിച്ച് പോകണം........

നമ്മൾ നടന്നുനിർത്തിയ

വരാന്തയിലൂടെ ഒന്നു

ഒറ്റയ്ക്ക് നടക്കാൻ.........

നമ്മൾ കഥകൾ പറഞ്ഞിരുന്ന

ആ ജനലരികിൽ ഒന്ന്

ഒറ്റയ്ക്ക് നിൽക്കാൻ......

ഒന്നുകൂടെ ആ ലൈബ്രറിയിൽ പോയി

നിശബ്ദമായി കരയാൻ.....

ഞാൻ ഇന്ന് ഒറ്റക്കാണെന്ന്

എന്നെ തന്നെ ബോധ്യപ്പെടുത്താൻ...

ദേവ ലക്ഷ്മി

**9 C**

# കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ മാതാപിതാക്കളുടെ പങ്ക്

ആർഷഭാരത സംസ്കാരത്തിൻെറ ശിലാലിഖിതങ്ങളാണ് ഓരോ ഭാരതീയനും മാതാപിതാഗുരുദൈവം എന്ന ഭാരതീയ മുദ്രാവാക്യത്തെ നെഞ്ചോടടുപ്പിച്ച് ഓരോരുത്തനും തൻെറ ജീവിതത്തെ വിജയപഥത്തിൽ എത്തിച്ചു . ഒരുവൻെറ സ്വഭാവരുപികരണം അവൻ തന്റെ അമ്മയുടെ ഗർഭപാത്രത്തിൽ ഉരുവാകുന്ന നിമിഷം മുതൽ ആരംഭിക്കുന്നു . ഈ സമയം മാതാവിന്റെ ചിന്തകളും ശ്വാസനിശ്വാസങ്ങൾ പോലും ഒരു കുഞ്ഞറിയുന്നു . പിന്നീട് അവൻ ഈ ലോകത്തിലേക്കു പിറന്നു വീഴുമ്പോഴേക്കും അവന്റെ ഉള്ളിലേക്കു പലതും പകർന്നു കിട്ടിയിട്ടുണ്ടാവും . പിന്നീട് ഈ ലോകത്തെ അറിഞ്ഞു തുടങ്ങുന്നത് ആ കുഞ്ഞ് തന്റെ മാതാപാതാക്കളിലൂടെയാണ് . ചൊട്ടയിലെ ശീലം ചുടല വരെ എന്ന പഴമൊഴി എത്രയോ ശരിയാണ് . ഒരാളുടെ ആദ്യ വിദ്യാലയം അവന്റെ വീടും ആദ്യ അദ്യാപിക അവന്റെ അമ്മയുമാണ് . കുട്ടികളുടെ ഉള്ളിൽ ബാല്യകാലങ്ങളിൽ പതിയുന്ന ഓരോന്നും അവൻ വളരുമ്പോൾ അവന്റെ ഒപ്പം വളരുന്നു . നല്ല ശീലങ്ങൾ ആണെങ്കിൽ നാശത്തിലേക്കും നയിക്കുന്നു . അച്ഛൻ

അധ്യാപകനാണെങ്കിൽ  മകനും അധ്യാപകനാകണമെന്നില്ല. അതായത് മദ്യപാനിയായ ഒരച്ഛന്റെ മകൻ മദ്യപാനിയാകണമെന്നില്ല. എങ്കിലും ഓരോ കുഞ്ഞും തന്റെ മാതാപിതാക്കളെയാണ് ആദ്യം പഠിക്കുക. അതവന്റെ വളർച്ചയെ അത്യധികം സ്വാധീനിക്കുന്നു.

നല്ലത് പ്രവർത്തിക്കാനും ചിന്തിക്കാനും ഓരോ മാതാപിതാക്കളും തയ്യാറാകുമ്പോൾ അവരുടെ കുട്ടികളും നേരായ മാർഗത്തിൽ പോകും..............

ജോയ്സ് വി ജോൺ

**9 D**

# കേരളത്തിൽ ആദ്യത്തേത്

- ഗവർണർ -ഡോ. വി. രാമക്രഷ്ണൻ
- മുഖ്യമന്ത്രി -ഇ.എം.എസ്. നമ്പൂതിരിപ്പാട്
- നിയമസഭാ സ്പീക്കർ -ആർ. ശങ്കരനാരായണൻ
- ചീഫ് ജസ്റ്റിസ് -കെ.ടി.കോശി
- വനിതാ ഹൈക്കോടതി ജഡ്ജി -അന്നാ ചാണ്ടി
- വനിതാ മജിസ്ട്രേറ്റ് -ഓമനക്കുഞ്ഞമ്മ

- വനിതാ മന്ത്രി -കെ.ആർ.ഗൗരിയമ്മ
- വനിതാ പാർലമെന്റ് അംഗം -ആനി മസ്ക്രിൻ
- വനിതാ നിയമസഭാംഗം -തോട്ടയ്ക്കാട് മാധവിയമ്മ
- വനിതാപോലീസ് സ്റ്റേഷൻ -കോഴിക്കോട്
- വനിതാ ഐ.പി.എസ്. ഓഫീസർ -ശ്രീരേഖ
- വനിതാ ഐ.എ.എസ്.ഓഫിസർ -അന്ന മൽഹോത്ര
- വനിതാ മാസിക -സുഗുണബോധിനി
- പൊതുതിരഞ്ഞെടുപ്പ് -1957
- സർവ്വകലാശാല -കേരള സർവ്വകലാശാല
- മെഡിക്കൽ കോളേജ് -തിരുവനന്തപുരം
- കോളേജ് -സി.എം.എസ്.കോളേജ്
- ഇംഗ്ലീഷ് സ്കൂൾ -മട്ടാഞ്ചേരി ഇംഗ്ലീഷ് സ്കൂൾ
- റെയ്ൽവേ സർവ്വീസ് -ബേപ്പൂർ
- വിമാന സർവ്വസ് -തിരുവനന്തപുരം-മുംബൈ
- പോസ്റ്റ് ഓഫീസ് -ആലപ്പുഴ
- റേഡിയോ നിലയം -തിരുവനന്തപുരം
- തൂക്കുപാലം -പുനലൂർ
- ഇലക്ട്രിക്ക് ട്രെയിൻ -എറണാകുളം-ഷൊർണ്ണൂർ
- യഹൂദപ്പള്ളി -മട്ടാഞ്ചേരി
- കമ്പ്യൂട്ടർ കേന്ദ്രം -തിരുവനന്തപുരം

- **പക്ഷി സങ്കേതം -തട്ടേക്കാട്**
- **കാഴ്ചബംഗ്ലാവ് -തിരുവനന്തപുരം**
- **കോൺക്രീറ്റ് പാലം -കരമന,തിരുവനന്തപുരം**
- **കയർ ഫാക്ടറി -ആലപ്പുഴ,സാറാസ് കമ്പനി**
- **സർക്കാർ ആശുപത്രി -സിവിൽ ആശുപത്രി**
- **വർത്തമാന പത്രം -രാജ്യസമാചാരം**
- **നോവൽ -കുന്ദലത**
- **വന്യജീവി സങ്കേതം -പെരിയാർ സാങ്ച്വറി**
- **തപാൽ സ്റ്റാമ്പിൽ വന്ന ആദ്യ മലയാളി -ശ്രീനാരായണഗുരു**

# ഏഴ് രാജകുമാരന്മാർ

**പ്രകൃതി ഭംഗി നിറഞ്ഞ ഒരു ചെറിയ രാജ്യമാണ് അവനീശ്വരം. പച്ചത്തഴപ്പാർന്ന തരുലതാദികളാൽ സുന്ദരം , പക്ഷികളുടെ കളകൂജനങ്ങൾ നിറഞ്ഞ അന്തരീക്ഷം . അവ പ്രതീക്ഷകളുടെ പുത്തൻ ചിറകുവിരിച്ച് പറക്കുന്നു . നിഷ്കളങ്കരായ കുറേ മനുഷ്യർ അവർ മിക്കവരും കൃഷിക്കാരായിരുന്നു . പക്ഷെ അവർക്ക് പരസ്പരം സ്നേഹം ഉണ്ടായിരുന്നു . അവിടെ ധീര വീര പരാക്രമിയായിരുന്നു . അവനീശ്വരത്തിലെ രാജാവ് പേര് അമരസിംഹൻ . അദ്ദേഹത്തിന്റെ**

**മൂത്ത പുത്രൻ  വിശ്വസിംഹനാണ് . കുറച്ച മാസങ്ങൾക്ക് ശേഷം അമരസിംഹൻ**

**വൃദ്ധ വയോധികനായി . അദ്ദേഹം മൂത്ത പുത്രനെ രാജാവ് ആക്കാൻ**

**തീരുമാനിച്ച . അപ്പോൾ മറ്റു പുത്രൻമാർ എതിർത്തു . അവരും**

**രാജാവാകാൻ താൽപര്യപ്പെടുന്നു . അദ്ദഹം എന്തുചെയ്യണം എന്ന്**

**അറിയാതെ ഇരുന്നു . അപ്പോൾ അദ്ദേഹം**

**രാജഗുരുവിനെ കണ്ടു . കാര്യം പറഞ്ഞു . അപ്പോൾ ഗുരു ഒരു കാര്യം**

**പറഞ്ഞു . അവർ എല്ലാവരും രാജവകാശം മോഹിക്കുന്നതുകൊണ്ട്**

**ഞാൻ ഒരു കാര്യം പറയാം . നമ്മുടെ**

**ഈ രാജ്യത്തിന്റെ അതിർത്തിയിൽ ഏഴുമലകൾ  ഉണ്ട് .**

**ഏഴാമത്തെ മലയുടെ താഴത്ത് ഒരു പവിത്രമായ ഒരു ക്ഷേത്രം ഉണ്ട്**

**ആ ക്ഷേത്രത്തിന്റെ തിരുമുറ്റത്ത് പവിത്രമായ ഒരു കുളമുണ്ട്.**

**കുളത്തിൽ അത്യപൂർവ്വവും മനോഹരവുമായ ഒരിക്കലും വാടാത്ത**

**ഒരു ദിവ്യപുഷ്പമുണ്ട് . അതിന്റെ സുഗന്ധചക്രവാളങ്ങൾ വരെ**

**വ്യാപിക്കുന്നതാണ് ആ ദിവ്യപുഷ്പം**

**ആരാണ് കരസ്ഥത്തമാക്കുന്നത് അവർക്ക് ആണ് "രാജ്യാവകാശം".**

**അവർ ആപൂവിന് വേണ്ടി മത്സരിച്ച . ഒന്നാമത്തെ കഴിഞ്ഞു**

**.രണ്ടാമത്തെ , മൂന്നാമത്തെ , നാലാമത്തെ , അഞ്ചമത്തെ**

**,ആറാമത്തെ , ഏഴാമത്തെ മലയുടെ അടിയിൽ ചെന്നത്**

**വിശ്യസിംഹൻ ആയിരുന്നു .**

**അദ്ദഹം ആപുഷ്പം കൊണ്ട് തിരക്കേ വന്നു . അങ്ങനെ**

**അവനീശ്വരത്തിലെ രാജാവാണ് വിശ്വസിംഹൻ . അങ്ങനെ അദ്ദേഹം സൗപാക്യം നിറഞ്ഞവനായി ജീവിച്ചു .**

**അനന്തു രാജ്**

**9 C**

# ഇടശ്ശേരി ഗോവിന്ദൻ നായർ[1906-1974]



**പൊന്നാനിയിൽ ജനനം.കുട്ടകൃഷി, പുത്തൻകലവും അരിവാളും, കാവിലെ പാട്ട്, പൂതപ്പാട്ട്, ഒരുപിടി നെല്ലിക്ക, അന്തിത്തിരി, കറുത്ത ചെട്ടിച്ചികൾ എന്നിവ പ്രധാന കൃതികൾ.മലബാറിലെ കേന്ദ്ര കലാസമിതിയുടെ പ്രസിഡന്റ് ,സാഹിത്യപ്രവർ-ത്തക സഹകരണ സംഘം ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേന്ദ്ര–കേരള സാഹി-ത്യ അക്കാദമി പുരസ്കാരം, ആശാൻ പ്രൈസ് എന്നിവ ലഭിച്ചിട്ടുണ്ട്.**

**അഭിഷേക് എം**

**9 ഡി**

# വിദ്യാലയം

**അറിവിന്റെ നിറദീപം കൊളുത്തുന്ന**
**നൻമയാണെൻ വിദ്യാലയം**
**സരസ്വതിദേവി കുടികൊള്ളുന്ന**
**മഹാക്ഷേത്രമാണെൻ വിദ്യാലയം**
**പുതുതലമുറയ്ക്ക് ശക്തിയുടെ സ്രോതസ്സും**
**അറിവിന്റെ നിറകുടവും**
**സത്യത്തിൻ നിലവിളക്കും**
**ആകുന്നീ വിദ്യാലയം**
**എഴുത്തച്ഛനേയും ഷേക്സ്പിയറിനെയും**
**പരിചിതരാക്കുന്നു വിദ്യാലയം**
**കേരളീയ ചരിത്രം തൻ മഹിമ വർണ്ണിക്കുന്നു**
**നമ്മുടെ ഈ നല്ല വിദ്യാലയം.**

**അലീന ജോസഫ്**
**9 ബി**

# വൃക്ഷം

**പച്ചിലകളാൽ പൂത്തുനിൽക്കുമീ**
**ഫലഭൂയിഷ്ഠമായ വൃക്ഷം**
**ജീവശ്വാസമേകും വൃക്ഷം ശുദ്ധവായു**
**നമുക്കേകിടുന്നു**
**കുളിർമയേകുമീ ഇളം പച്ചപ്പ്**
**നമുക്കാശ്വാസമേകിടുന്നു**
**വേനൽ കാലത്തിൻ കൊടും ചൂടിൽ**
**തണലേകും നമുക്ക് വൃക്ഷം**
**വസന്തകാലങ്ങളിൽ നിറമേറും**
**പൂചൂടി നിൽക്കുമീ വൃക്ഷം.**

**അമൃത രവി**
**9 B**

# ചങ്ങാതി

കാറ്റിൻ ഈണം പാടുന്ന ഒരു സൗഹൃദം
അതിൽ അലിഞ്ഞു ചേരുന്നു ഇന്നും ഞാൻ
മാരിമഴ പെയ്യുന്ന ഈ രാവിൽ
കൂട്ടിരിക്കും നീ ചങ്ങാതിയായി
അന്നുകൂട്ടുകൂടിയ നിമിഷമെല്ലാം
മാഞ്ഞുപോകാതെ
ഈ മനതാരിൽ തെളിയുന്നു
പ്രിയമെന്നുംതോന്നും പ്രേമമെല്ലാം
ഒഴുകുന്നതുപോലെ
മഴവില്ലിൻ കൂടാരത്തിൽ കൂട്ടുതേടി
അന്നു ഞാൻ പോയ നിമിഷം മനസ്സിൽ-
തുകുന്നു
പനിനീർപ്പൂവായി നീ കൂടാരത്തിൽ-
കാത്തിരുന്നു
കാറ്റിൻ ഈണരാഗസാന്ദ്രമായി
കൂട്ടുതേടിപോയാനിമിഷം
സങ്കല്പലോകങ്ങൾ തേടുന്നു
അന്നു കനവിൻ കണ്ട കൗമാരത്തിൽ
കൂട്ടായി നീ ഒഴുകും സ്നേഹ

**സ്പർശ തീരങ്ങൾ**

**വിടരും മുഖമായി നീ**

**എൻ മുമ്പിൽ തെളിയുമ്പോൾ**

**വിശാദ സങ്കൽപങ്ങൾ മായുന്നു**

**പ്രേമസാരഗങ്ങൾ ഒഴുകുന്നു**

**ദേവൂട്ടി**

**9 A**

# എന്റെ പ്രകൃതി

**പ്രകൃതിയാം എന്നമ്മയെ**
**സ്നേഹിക്കുന്നു ഞാൻ**
**പ്രകൃതി ഭാഗമല്ലോ**
**നമ്മളും സഹജീവികളും**
**മിന്നിതിളങ്ങുന്ന നക്ഷത്രങ്ങളും**
**ചന്ദ്രനും എല്ലാം പ്രകൃതി തൻമനോഹരിത**
**പുഷ്പവാടിയിൽ പൂവണിഞ്ഞു നിൽക്കും**
**പ്രകൃതിയെ  അണിയിച്ചൊരുക്കാൻ**
**സൂര്യകിരണങ്ങൾ പ്രകൃതിയെ**
**ഭാവനതൻ സുരഭില വീചികൾ**

**ഇളങ്കാറ്റിൽ ചാഞ്ചാടുന്ന തളിരിലകൾ**

**എത്ര സുന്ദരമാണെൻ പ്രകൃതി.....**

**ദേവൂട്ടി**

**9 A**

# പാരിൻ്റ നന്മയ്ക്കത്രേ

**ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം**
**നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ അഹന്ത**
**നിങ്ങളിൽ അതിരുകവിയുമ്പോഴോ ഈ ഒരു**
**ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി.**

**നിങ്ങൾ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ദരിദ്രനായ,നിസ്സഹായനായ മനുഷ്യൻ്റെ മുഖം സങ്കൽപിച്ചു നോക്കുക . എന്നിട്ട് നിങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ചു നോക്കുക. അതുകൊണ്ട് അയാൾക്ക് എന്തെങ്കിലും നേട്ടം ഉണ്ടാകുമോ ? അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെമേൽ എന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കിക്കൊടുക്കുമോ ? മറ്റൊരു രീതിയിൽ പറ ഞ്ഞാൽ , നമ്മുടെ നാട്ടിൽ ആധ്യാത്മികമായും ശാരീരികമായും**

**പട്ടിണികിടക്കുന്ന കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ ?**
**അപ്പോൾ സംശയങ്ങളില്ലാതാകുന്നതായും അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങക്ക് അനുഭവപ്പെടും......**



# സലീം അലി (1896-1987)


**പ്രശസ്ത പക്ഷിനിരീക്ഷകനും ഗ്രന്ഥകാരനുമായ സലീം അലി 1896 നവംബർ -ന ബോംബെയിൽ ജനിച്ചു. അദ്ദേഹം ബാലകനായിരിക്കുമ്പോൾ ഒരു പക്ഷിയെ വെടി വെച്ചു വീഴ്ത്തി വീട്ടിലേക്ക് കൊണ്ടുവന്നു. പക്ഷിയെ സൂക്ഷ്മമായി പഠിക്കാൻ ശ്രമിച്ച സലീമിന് നിരാശയായിരുന്നു ഫലം. അമ്മാവൻ അമിറുദ്ദീൻ തിയാബ്ജിക്കും ബാലന്റെ സംശയം തീർക്കാനായില്ല. അദ്ദേഹം മരുമകനെ ബോംബെയിലെ നാച്വറൽ ഹിസ്റ്ററി സൊസൈറ്റിയിൽ പഠിക്കാനയച്ചു.**

**പക്ഷിശാസ്ത്രത്തിൽ നാഷണൽ പ്രൊഫസറായി തിരഞ്ഞെടുക്കപ്പെട്ട**

അദ്ദേഹത്തെ വിവിധ സർവ്വകലാശാലകൾ ഡോക്ടേറ്റ് നൽകി ആദരിച്ചു. അദ്ദേഹം രാജ്യസഭയിലേക്ക് നോമിനെറ്റ് ചെയ്യപ്പെട്ടു. പത്മഭൂഷൺ, പത്മവിഭൂഷൺ തുടങ്ങിയ നിരവധി ബഹുമതികൾ അദ്ദേഹത്തിന ലഭിച്ചിട്ടുണ്ട്. സലീം അലിക്ക് മക്കൾ ഇല്ലായിരുന്നു. പാൽഗെറ്റി പ്രൈസിന്റെ മുഴുവൻ തുകയും (അരലക്ഷം പവൻ ) ആ മഹാമനസ്കൻ ബി.എൻ.എച്ച്.എസിന് സംഭാവന ചെയ്തു...

# ആൽബർട്ട് ഐൻസ്റ്റീൻ

## [1879-1955]



ജർമ്മൻ ഭൗതീക ശാസ്ത്രജ്ഞനായ ഇദ്ദേഹത്തിന്റെ പ്രസിദ്ധമായസിദ്ധാന്തമാണ് വിശേഷ ആപേക്ഷിതാ സിദ്ധാന്തം. ദ്രവ്യവും ഊർജവും തമ്മിലുള്ള

ബന്ധം കാണിക്കുന്ന സമവാക്യമായ $E=mc^2$ ഇതിൽ നിന്നും ഉടലെടുത്തതാണ്. ന്യൂട്ടോണിയൻ ഭൗതീക ശാസ്ത്രത്തിന് പരിവർത്തനം വരുത്തിയത്

ഐൻസ്റ്റീൻ ആണ് . ഫോട്ടോ ഇലക്ട്രിക് പ്രഭാവം വിശദീകരിച്ചതിന്

1921-ലെ ഊർജതന്ത്രത്തിനു-

ള്ള നോബേൽ സമ്മാനം ഇദ്ദേഹത്തിനു ലഭിച്ചു.

ജോയ്സ് വി ജോൺ

9 ഡി

# വൃദ്ധസദനങ്ങൾ

ശൈശവം, ബാല്യം, കൗമാരം, വാർദ്ധക്യം എന്നിങ്ങനെയുള്ള അവസ്ഥകളിലൂടെ മനുഷ്യൻ കടന്നുപോകുന്നു. ശൈശവവും വാർദ്ധക്യവും പരാശ്രയത്തിന്റെ നാളുകളാണ്. ഈ കാലഘട്ടത്തിൽ വൃദ്ധസദന - ങ്ങളുടെ എണ്ണം ക്രമാതീതമായ് ഏറുന്നു. ജീവിതരീതികളിലും സാഹചര്യത്തിലും പരിവർത്തനങ്ങളാണ് ഇതിനു പ്രധാന കാരണം. കൂട്ടുകുടുംബങ്ങൾ അന്യമാകുകയും അണുകുടുംബങ്ങൾ ശക്തിപ്രപിക്കുകയും ചെയ്തതോടെ കാര്യങ്ങളെല്ലാം തകിടം മറിഞ്ഞു.

കുഞ്ചൻ നമ്പ്യാർ പാടിയതുപോലെ, ‘വൃദ്ധന്മാരൊരു കൂട്ടം നിറഞ്ഞു ഭൂതലം തന്നിൽ’ എന്ന അവസ്ഥയിലേക്ക് സമൂഹംനീങ്ങക്കൊണ്ടിരിക്കുന്നു. ഒക്ടോബർ ഒന്നാം തീയതി 'വൃദ്ധദിന’മായി ആടരിക്കുന്നു. സ്വസ്ഥമായി ജീവിക്കുന്ന വൃദ്ധരുടെ എണ്ണം ആംഗുലീപരിമിതമാണെന്നത് യാഥാർത്ഥ്യമാണ്.

ആസ്രയത്തിനാളില്ലാതെ നരകിക്കുന്ന വൃദ്ധജനങ്ങളെ സംരക്ഷിക്കു - ന്നതിനുവേണ്ടിയുള്ള വൃദ്ധസദനങ്ങൾ ഒരു പരിധിവരെ ആശ്വാസമാണ്. എന്നാൽ പ്രായമായവർക്ക് തങ്ങളുടെ കുടുംബത്തൊടൊപ്പം വ - സിക്കാനാണ് താല്പര്യമെന്നത് ഏവരും സമ്മതിക്കുന്നു. മാനസികമായ പരിഗണന അവർക്കു നൽകേണ്ടത് സമൂഹത്തിന്റെ പൊതുവായഉത്തരവാദിത്തമാണ്. മൂല്യച്യുതിയെപ്പറ്റി വിലപിക്കുന്നവർ ആ സാമൂഹ്യപ്രശ്നത്തിനുനേരെ കണ്ണടയ്ക്കരുത്.

# മൗനം

മൗനമേ നിനക്ക് രണ്ടക്ഷരം, പക്ഷേ

നിൻ അർത്ഥജാതത്തിനോ അനന്താക്ഷരങ്ങൾ

ഉത്തരം മുട്ടുന്ന ചോദ്യങ്ങൾക്ക് മൗനം

ഒരു ഉത്തരവുമില്ലാത്ത ജീവിതത്തിനും മൗനം

കണ്ണീരിൽ കുതിർന്ന വാചാലതയ്ക്കും മൗനം

സന്തോഷം നിറഞ്ഞു തുളുമ്പുന്ന മനത്തിനും മൗനം

പിഞ്ചുകുഞ്ഞിൻ മാതൃ നിർവൃതിക്കും മൗനം

ജീവിതത്തിൽ കയ്പേറിയ നിമിഷങ്ങൾക്കും മൗനം

അവസാനം മരണമേ നിന്നെ വരിച്ചാലും മൗനം

ആദിത്യൻ ബി

**9 D**

# സച്ചിൻ രമേശ് ടെണ്ടുൽക്കർ



1973 ഏപ്രിൽ മാസത്തിൽ ലോകക്രിക്കറ്റിനെ തന്നെ മാറ്റിമറിച്ച ഒരു വ്യക്തി ജനനമെടുക്കുക-യായിരുന്നു രമേഷ് ടെണ്ടുൽക്കറുടെ മകനായി ജനിച്ച അദ്ദേഹത്തിന്റെ പേര് സച്ചിൻ രമേഷ് ടെണ്ടുൽക്കർ എന്നായിരുന്നു. സച്ചിൻ, അദ്ദേഹത്തിന്റെ ആത്മകഥയിൽ തന്റെ ബാല്യകാ-ലത്തെപ്പറ്റി വിവരക്കുന്നുണ്ട്. ചെറുപ്പത്തിലെതന്നെ തന്റെ ഫ്ളാറ്റിന്റെ അടുത്തുള്ള കൂട്ടകാരുമായി അദ്ദേഹം കളിക്കുമായിരുന്നു. സമയ-മില്ലാഞ്ഞിട്ടും സച്ചിൻ എന്ന ക്രിക്കറ്റ് താരത്തിന്റെ വളർച്ച കാണാൻ കൊതിച്ച ആ കൂട്ടകാർ സച്ചിനുവേണ്ടി മാത്രം പന്തെറിക്കൊടുക്കുമാ-യിരുന്നു. തന്റെ ജീവിതത്തിൽ നിർണായക പങ്കുവഹിച്ചവരാണ് അവർ എന്ന് സച്ചിൻ പിന്നീട് പറഞ്ഞിട്ടുണ്ട്. തന്റെ ഗുരുവായ രമാ-കന്ത് അച്ഛരേക്കർ ഒരിക്കലും സച്ചിൻ നന്നായി കളിച്ചിരുന്നുവെന്ന് പറഞ്ഞിരുന്നില്ല. കാരണം അത് സച്ചിനെ കൂടുതൽ സംതൃപ്തമാക്കുമെന്നും അവന്റെ ആത്മവിശ്വാസം അമിതമാക്കുമെന്നും അദ്ദേഹം കരുതിയിരുന്നു .സച്ചിന്റെ പിതാവായ രമേഷ് ടെണ്ടുൽക്കർ

അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു മഹത് വ്യക്തിയാണ്. കുറുക്ക വഴികളിൽ കൂടിയല്ല നേർവഴികളിലൂടെയും കഷ്ടപ്പെട്ട് അദ്ധ്വാനിച്ച-തിന്റെയും വഴികളിലൂടെയാണ് വിജയം കൈവരിക്കേണ്ടത് എന്ന ആ പിതാവിന്റെ വാക്കുകൾ സച്ചിന് മറക്കാനാവാത്തതയാണ്. 1989-ൽ പാകിസ്ഥാനെതിരെ ക്രിക്കറ്റിൽ ഹരിശ്രീ കുറിച്ച സച്ചിൻ ക്രിക്കറ്റ് എന്ന പ്രൊഫഷണൽ ഗെയിം എന്താണെന്ന് അന്നാണ് അറിഞ്ഞത്.പിന്നീട് അദ്ദേഹം വളരെ കഷ്ടപ്പാടാണ് അനു-ഭവിച്ചത്. പാകിസ്ഥാനെതിരായ ഏകദിനത്തിൽ "ഘർജാകെ ദൂധ് പീ ബച്ചാ'' എന്ന് തന്നോട് പറഞ്ഞ കാണികൾക്ക് മുന്നിലാണ് അദ്ദേഹം വേഗതയേറിയ അർദ്ധസെഞ്ച്വറി നേടിയത്. പിന്നീട് ഇംഗ്ലണ്ടിനെതിരെ തന്റെ ആദ്യ സെഞ്ച്വറി കുറിച്ചു. സച്ചിൻ ലോകക്രിക്കറ്റിന്റെ മുന്നിൽ ശ്രദ്ധ നേടി. തന്റെ ക്രിക്കറ്റ് ജീവിതത്തിലുട നീളം ലക്ഷ്മൺ, ദ്രാവിഡ്, ഗാംഗുലി, തുടങ്ങിയ സുഹൃത്തുക്കളെ അദ്ദേഹ-ത്തിന് ലഭിച്ചിട്ടുണ്ട്. ലോകകപ്പുകളിൽ ഏറ്റവും കൂടുതൽ റൺസ് നേടിയ സച്ചിൻ ടെസ്റ്റിൽ 51ാം സെഞ്ച്വറിയും അന്താരാഷ്ട്ര ക്രിക്കറ്റിൽ ബംഗ്ലാദേശിനെതിരെ 51ാം സെഞ്ച്വറിയും 15000-ൽ അധികവും റൺസ് നേടിയ സച്ചിൻ ഏകദിനത്തിൽ 79 സെഞ്ച്വറിയും 18000-ൽ അധികവും റൺസ് നേടി. 2011 ലോകകപ്പ് ഇന്ത്യ നേടിയപ്പോൾ അത് ശരി-ക്കും സച്ചിനുവേണ്ടിയുള്ള ഇന്ത്യാക്കാരുടെ ഒരു സമ്മാനമായിരുന്നു. ഇന്ത്യയുടെ ക്രിക്കറ്റ് ഉന്നത നിലവാരത്തിലെത്തിച്ച ഒരു മഹത്

വ്യക്തി തന്നെയാണ് സച്ചിൻ രമേഷ് ടെണ്ടുൽക്കർ.

# മഹത് വചനങ്ങൾ

1. ചെന്നെത്തുന്നത് എവിടെയുമാകട്ടെയ,സത്യത്തെ തന്നെ പിന്തുടരുക ഭീരുത്വവും കാപട്യവും ദൂരെ കളയുക.

(സ്വാമി വിവേകാനന്ദൻ)

2. സൂര്യൻ ഉദിക്കുമ്പോൾ ഇരുട്ട് മാറിപ്പോകുന്നതുപോലെ അറിവുദിക്കുമ്പോൾ അജ്ഞതയും മാറിപ്പോകുന്നു

(ശ്രീ നാരായണഗുരു)

3. ശ്രമത്തിലാണ്,ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉളവാക്കുന്നത്... സംമ്പൂർണ്ണ ശ്രമം സംമ്പൂർണ്ണ വിജയമാകുന്നു

(മഹാത്മാഗാന്ധി)

4. വികാരപരമായ കറുപ്പ് ഒരു മോശം നിറമാണ്. എന്നാൽ ഓരോ ബ്ലാക്ക്ബോർഡുകളുമാണ് വിദ്യാർഥികളുടെ ജീവിതം ശോഭനമാക്കുന്നത്

(ഡോ.എ.പി.ജെ അബ്ദുൾകലാം)

**5. സൗഹൃദമാണ് നിങ്ങളുടെ ഏറ്റവും വലിയ ദൗർബല്യമെങ്കിൽ നിങ്ങളാണ് ലോകത്തിലെ ഏറ്റവും വലിയ ശക്തൻ**

**(എബ്രഹാം ലിങ്കൺ)**

# നന്ദി

**മിഴിയ്ക്കു മിഴിവേകാൻ സഹായിച്ച ഏവർക്കും നന്ദി......**